"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 174/14 ൽ ഉൾപ്പെട്ട 2.83 ആർ സ്ഥലം റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.107/2022/LSGD തിരുവനന്തപുരം, തീയതി, 20/05/2022

പരാമർശം :-1. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23.11.2019-ലെ 1(1), 1/2 നമ്പർ തീരുമാനങ്ങൾ

2. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 20.04.2021-ലെ 1(1) നമ്പർ തീരുമാനം.
3. ഇടുക്കി ജില്ലാകളക്ടറുടെ 25.05.2021ലെ DC IDK/1414/2018-A10 നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 08/07/2021-ലെ PAN/14431/2020-C1(DP)നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി വില്ലേജ് ഓഫീസായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം കഞ്ഞിക്കുഴി സി.എച്ച്.സി സബ് സെന്ററായി പ്രവർത്തിപ്പിക്കുന്നതിന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന് നൽകിക്കൊണ്ടും, കഞ്ഞിക്കുഴി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കഞ്ഞിക്കുഴി വില്ലേജിലെ ബ്ലോക്ക് നമ്പർ 46 റീസർവ്വെ നമ്പർ 173/1-7, 173/1-8 ൽ ഉൾപ്പെട്ട വസ്തുവിൽ നിന്ന് 7 സെന്റ് സ്ഥലം റവന്യൂ വകുപ്പിന് കൈമാറുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2018-19 പ്ലാൻ സ്കീം അനുസരിച്ച് ഇടുക്കി ജില്ലയിലെ കാരിക്കോട് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് 44 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും എന്നാൽ ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭിക്കാത്തതിനാൽ കാരിക്കോട് സ്മാർട്ട് വില്ലേജ് ഓഫീസിന് അനുവദിച്ച ഫണ്ട് കഞ്ഞിക്കുഴി സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിന് അനുവദിക്കുവാൻ തീരുമാനിച്ചിരുന്നു. ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് വിട്ടു നൽകാത്തതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുകയും നിർമ്മാണത്തിനാവശ്യമായ ഫണ്ട് പൊതുമരാമത്ത് ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്തതിനാൽ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് തുടർന്നും കാലതാമസം നേരിട്ടാൽ cost escalation മൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാനുള്ള സാധ്യതയും നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ട സാഹചര്യം എന്നിവ കണക്കിലെടുത്തും ഗ്രാമ പഞ്ചായത്തിന്റെ പെർമിസ്സീവ്

സാംഗ്ഷൻ ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുവാനും നിർമ്മാണം പൂർത്തീകരിച്ച് പുതിയ സ്മാർട്ട് വില്ലേജാഫീസ് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് നിലവിൽ പ്രവർത്തിച്ച വരുന്ന വില്ലേജാഫീസ് കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടു നൽകുവാൻ തീരുമാനിച്ചതായും പരാമർശം (3) പ്രകാരം ഇടുക്കി ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് നൽകുവാൻ തീരുമാനിച്ച സർവ്വേ നമ്പർ 173/17, 173/18 എന്നിവയിൽ ഉൾപ്പെട്ട 07 സെന്റ് (2.83 ആർ) ഭൂമിക്ക് പകരമായി, കൂടുതൽ അനുയോജ്യമായതും, ഗ്രാമപഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ളതുമായ സർവ്വേ നമ്പർ 174/14 ഉൾപ്പെട്ട 2.83 ആർ (7 സെന്റ് ) സ്ഥലം വിട്ടുനൽകുവാനും സർക്കാരിൽ നിന്ന് ഭൂമികൈമാറ്റത്തിന് അനുമതി കിട്ടുമെന്ന പ്രതീക്ഷയിൽ സർവ്വേ നമ്പർ 174/14 ലെ 2.83 ആർ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള പെർമിസ്സിവ് സാംഗ്ഷൻ പരാമർശം (2) പ്രകാരം പഞ്ചായത്തിലെ പുതിയ ഭരണ സമിതി നൽകിയിട്ടുള്ളതായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 178-ാം വകുപ്പ് പ്രകാരവും 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം പ്രകാരവും ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 174/14 ൽ ഉൾപ്പെട്ട 2.83 ആർ സ്ഥലം, നിർമ്മാണം പൂർത്തീകരിച്ച് പുതിയ സ്മാർട്ട് വില്ലേജാഫീസ് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് നിലവിൽ പ്രവർത്തിച്ച വരുന്ന വില്ലേജാഫീസ് കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടു നൽകണമെന്ന നിബന്ധനയോടെ, റവന്യൂ വകുപ്പിന് കൈമാറുന്നതിന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ എ.പി.**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
നിയമ വകുപ്പ് (No.3/Leg C3/2022/Law)
റവന്യൂ വകുപ്പ് (Rev A2/75/2021/Rev)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി1/9/2021/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ